**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5629** **08-07-2024 - ൽ മറുപടിയ്ക്ക്**

**പോലീസുകാരിൽ ആത്മഹത്യ വർദ്ധിക്കുന്നത് തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പോലീസ് സേനയിൽ ആത്മഹത്യ ചെയ്യുന്നവരുടെ എണ്ണം വർദ്ധിക്കുന്നത് തടയാൻ നടപടി സ്വീകരിക്കുമോ? | (എ) | ആധുനിക കാലത്ത് തൊഴിലിടങ്ങളിൽ ജീവനക്കാർ അനുഭവിക്കുന്ന മാനസിക സംഘർഷങ്ങൾ ലഘൂകരിക്കുന്നതിനുള്ള വിവിധ തരത്തിലുള്ള ഇടപെടലുകൾ നടത്തുന്നുണ്ട്. മാറിയ ജീവത നിലവാരവും ശൈലിയും സമൂഹത്തിൽ ഉണ്ടാക്കിയ മാറ്റം പോലീസ് ഉദ്യോഗസ്ഥരുടെ ജീവിതത്തിലും പലതരത്തിൽ സ്വാധീനിച്ചിട്ടുണ്ട്. തിരക്കേറിയ ജീവിതവും തുറന്ന ആശയ വിനിമയത്തിന്റെ അഭാവവും ആളുകളിൽ മാനസിക സംഘർഷം വർദ്ധിപ്പിക്കാൻ ഇടയാക്കിയിട്ടുണ്ട്. സേനാംഗങ്ങൾക്കിടയിലെ ആത്മഹത്യക്കുള്ള കാരണങ്ങളിൽ കൂടുതലും കുടുംബ പ്രശ്നങ്ങളും സാമ്പത്തിക പ്രശ്നങ്ങളും പലതരത്തിലുള്ള ആരോഗ്യ പ്രശ്നങ്ങളും ഇതിൽ നിന്നെല്ലാം ഉരുത്തിരിയുന്ന മാനസിക സംഘർഷങ്ങളുമാണെന്നാണ് പൊതുവെ കണ്ടെത്തിയിട്ടുള്ളത്. ഔദ്യോഗിക ജീവിതത്തിലെ പ്രശ്നങ്ങളും ആത്മഹത്യകൾക്ക് വഴിവച്ചിട്ടുണ്ടെന്നും കരുതുന്നു. ഇത്തരത്തിൽ കാണുന്ന ആത്മഹത്യാ പ്രവണതകൾ കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പോലീസുദ്യോഗസ്ഥർക്കിടയിൽ ആത്മഹത്യ പ്രവണത ഇല്ലാതാക്കുന്നതിനും മാനസിക സംഘർഷം കുറയ്ക്കുന്നതിനും പോലീസ് വകുപ്പും സർക്കാരും നിരവധി കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്.<br><br>**HATS** :- 2017 -ൽ ആരംഭിച്ച HATS (Help and Assistance to Tackle Stress) സംവിധാനം വഴി മാനസിക സംഘർഷം നേരിടുന്ന പോലീസ് ഉദ്യോഗസ്ഥരെ കണ്ടെത്തി കൗൺസിലിംഗും യോഗ ഉൾപ്പെടെയുള്ള പരിശീലന പരിപാടികളും നടത്തി വരുന്നു. സേനാംഗങ്ങളുടെ കുടുംബാംഗങ്ങൾക്കും |

| | | | |
|---|---|---|---|
| | | | HATS മുഖാന്തിരമുള്ള കൗൺസിലിംഗ് സൗജന്യമായി തേടാവുന്നതാണ്.<br><br>**മെന്ററിംഗ് സംവിധാനം** :- സ്റ്റേഷനുകളിൽ തുറന്ന ആശയവിനിമയത്തിനായും വിവിധ കാരണങ്ങളാലുള്ള മാനസിക സമ്മർദ്ദം ലഘൂകരിക്കുന്നതിനും മുതിർന്ന പോലീസുദ്യോഗസ്ഥരെ ഉപയോഗിച്ച് മെന്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>**Weekly Off** :- അർഹമായ ലീവുകൾ നൽകുന്നതിനും, Weekly Off നിർബന്ധമായും നൽകുന്നതിനും പ്രത്യേക നിർദ്ദേശം സർക്കുലർ മുഖാന്തിരം നൽകിയിട്ടുണ്ട്.<br><br>**ലഹരി ഉപയോഗത്തിനെതിരെ** :- മദ്യപാന ശീലമുള്ളവരെ ലഹരിമുക്തരാ ക്കുന്നതിന് പ്രത്യേകം കർമ്മപദ്ധതികൾ ഡി-അഡിക്ഷൻ സെന്ററുകളുമായും സംസ്ഥാനത്തെ വിവിധ സർക്കാർ ആശുപത്രികളുമായും സഹകരിച്ച് നടത്തിവരുന്നു.<br><br>**മാനസിക പിരിമുറുക്കം ലഘൂകരിക്കൽ** :- സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിനും, ആയോധന കലകൾ വഴി മനോബലം വർദ്ധിപ്പിക്കുന്നതിനും മാനസിക പിരിമുറുക്കം കുറയ്ക്കുന്നതിനും സേനാംഗങ്ങളുടെ പരിശീലന കാലയളവിൽതന്നെ പ്രത്യേക പരിപാടികളും നടത്തി വരുന്നു.<br><br>**8 മണിക്കൂർ ജോലി** :- പോലീസ് സേനയ്ക്കിടയിൽ 8 മണിക്കൂർ ജോലി എന്നത് ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു. തിരക്കേറിയ പ്രധാനപ്പെട്ട 52 സ്റ്റേഷനുകളിൽ 8 മണിക്കൂർ ജോലി നടപ്പിലാക്കിയിട്ടുണ്ട്. ഇത് കൂടുതൽ സ്റ്റേഷനുകളിലേക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ